# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -168 | 09.03.2015 ൽ മറുപടിയ്ക്ക്

## സൈബർ കുറ്റകൃത്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ<br>ശ്രീ. ടി.എൻ. പ്രതാപൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.അൻവർ സാദത്ത് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവത്ക്കരിക്കാൻ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ജനമൈത്രീ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെകുറിച്ചും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായും 'ജനമൈത്രീ പോലീസ് വിദ്യാലയങ്ങളിലേക്ക്' എന്ന പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതിയിലൂടെ കുട്ടികളെ ബോധവത്ക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ടെലിഫിലിമുകളും വീഡിയോ ഫിലിമുകളും കുട്ടികളുടെ മുന്നിൽ പ്രദർശിപ്പിച്ചും വരുന്നു. ഇതു കൂടാതെ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയിലൂടെ സൈബർ കുറ്റകൃത്യങ്ങളെകുറിച്ച് കുട്ടികൾക്ക് ബോധവത്ക്കരണ ക്ലാസുകൾ നൽകി വരുന്നു. |
| (ബി) | ആരുടെയെല്ലാം സഹകരണത്തോടെയാണ് പരിപാടികൾ നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, സൈബർ സെല്ലുകൾ, ജനമൈത്രീ പോലീസ്, സാമൂഹ്യക്ഷേമ വകുപ്പ് അതാത് സ്കൂളിലെ പി.റ്റി.എ.കൾ,. മറ്റ് സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നത്. |
| (സി) | എന്തെല്ലാം ബോധവത്കരണപരിപാടികളാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കാമോ; | (സി) | സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം, ഇന്റർനെറ്റ്, കമ്പ്യൂട്ടർ, മൊബൈൽഫോൺ എന്നിവ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഓൺലൈൻ ലോട്ടറി തട്ടിപ്പ്, ക്രെഡിറ്റ് കാർഡ് തട്ടിപ്പ്, ഇൻഫർമേഷൻ ടെക്നോളജി ആക്ട് എന്നിവയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ നടത്തി വരുന്നു. |
| (ഡി) | പ്രസ്തുത പരിപാടികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | മേൽ വിവരിച്ചതിനു പുറമേ സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് പോലീസിന്റെ ഭാഗത്തുനിന്നും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നതിൽ വരുത്തേണ്ട കാലികമായ മാറ്റങ്ങളെ സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ